**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78** **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി അടങ്കൽ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങൾക്ക് ജനസംഖ്യ അടിസ്ഥാനത്തിലും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജനസംഖ്യയുടെ ഇരട്ടിയും പദ്ധതി അടങ്കൽ വിഹിതം നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പദ്ധതി അടങ്കലിൽ നിന്ന് ജനസംഖ്യാനുപാതികമായി പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഘടക പദ്ധതിക്ക് നിശ്ചിത വിഹിതം അനുവദിച്ചിട്ടുണ്ട് . 2011 - ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ പട്ടികജാതി ജനസംഖ്യ 30,39,573 ആണ് . ഇത് മൊത്തം ജനസംഖ്യയുടെ 9.1% ആണ്. സംസ്ഥാന ബജറ്റിൽ പട്ടികജാതി വിഭാഗങ്ങൾക്കായി സംസ്ഥാന ബജറ്റ് വിഹിതത്തിന്റെ 9.81% വകയിരുത്തി വരുന്നുണ്ട് .<br><br>പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2011 സെൻസസ് പ്രകാരം 1.45% പട്ടികവർഗ്ഗ ജനസംഖ്യയാണ് സംസ്ഥാനത്തുള്ളത്. പദ്ധതി അടങ്കൽ വിഹിതം ജനസംഖ്യാനുപാതികമായിട്ടാണ് വകയിരുത്തി വരുന്നത്. സംസ്ഥാനത്തെ ആകെ പദ്ധതി അടങ്കലിന്റെ 2.83 ശതമാനം തുകയാണ് പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി (TSP) വിഹിതമായി നിലവിൽ വകയിരുത്തി വരുന്നത്. |
| (ബി) | കഴിഞ്ഞ മൂന്ന് വർഷങ്ങളായി പദ്ധതി അടങ്കൽ ഉയർത്താത്തത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിഹിതം ഉയരാത്ത സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ ഉപപദ്ധതി (SCP/TSP) ആസൂത്രണ പ്രക്രിയയിൽ സംസ്ഥാന സർക്കാർ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യയ്ക്ക് ആനുപാതികമായി ഫണ്ട് വകയിരുത്തി വരുന്നുണ്ട്. 2025-26 ൽ അടങ്കൽ തുക, പട്ടികജാതി വികസന വകുപ്പിൽ 208.85 കോടി രൂപയുടേയും പട്ടികവർഗ്ഗ വികസന വകുപ്പിൽ 60.50 കോടി രൂപയുടേയും വർദ്ധനവ് വന്നിട്ടുണ്ട്. |
| (സി) | 2024-25-ൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി അടങ്കൽ എക്സിക്യൂട്ടീവ് | (സി) | സംസ്ഥാനത്തു 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ വെട്ടിച്ചുരുക്കൽ വരുത്തുകയല്ല |

| | | | |
|---|---|---|---|
| | ഉത്തരവിലൂടെ വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ ഈ തുക നടപ്പ് സാമ്പത്തിക വർഷത്തിൽ അധികമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | ഉണ്ടായത്. പകരം മുൻഗണനാക്രമം നിശ്ചയിക്കുകയാണ് ഉണ്ടായത് . നിലവിൽ പ്രവർത്തനങ്ങൾ തീരെ എടുക്കാത്ത ശീർഷകങ്ങളിൽ നിന്നും പദ്ധതിതുക ആവശ്യമായവയിലേക്ക് പദ്ധതിതുക വകയിരുത്തിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം പട്ടിക വിഭാഗ പദ്ധതിയിൽ 208.85 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗ പദ്ധതിയിൽ 60.50 കോടി രൂപയും അധികമായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ